പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1968 **26-10-2026-ൽ മറുപടിയ്ക്ക്**

സി.എച്ച്.സി., പി.എച്ച്.സി. എന്നിവിടങ്ങളിൽ ഡയാലിസിസ്

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. വി. പി. സജീന്ദ്രൻ

ശ്രീ. മനോജ് മൂത്തേടൻ

ശ്രീ. സുമേഷ് അച്ചുതൻ

മറുപടി നൽകിയ മന്ത്രി

ശ്രീ. കെ. മുരളീധരൻ

(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് ഡയാലിസിസ് സൗകര്യം നിലവിൽ ഏതെല്ലാം വിഭാഗത്തിലുള്ള ആശുപത്രികളിൽ ഉണ്ടെന്ന് വ്യക്തമാക്കാമോ; ഡയാലിസിസ് ചെയ്യുന്നതിന് മുൻകൂട്ടി ബുക്ക് ചെയ്ത് കാത്തിരിക്കേണ്ട സാഹചര്യമുണ്ടോയെന്ന് വിശദമാക്കാമോ;

മറുപടി: സംസ്ഥാനത്ത് ആരോഗ്യവകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ നിലവിൽ 112 ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു. കൂടാതെ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, ഇടുക്കി, തൃശ്ശൂർ, മഞ്ചേരി, കോഴിക്കോട്, വയനാട്, കണ്ണൂർ എന്നീ മെഡിക്കൽ കോളേജുകളിലും ഡയാലിസിസ് സൗകര്യം ലഭ്യമാണ്. സ്റ്റാൻഡേർഡൈസേഷൻ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം താലൂക്ക് ആശുപത്രി മുതലുള്ള ഉയർന്ന തലത്തിലുള്ള ആശുപത്രികളിലാണ് ഡയാലിസിസ് യൂണിറ്റുകൾ വിഭാവനം ചെയ്തിട്ടുള്ളത്.

സ്ഥിരം ഡയാലിസിസ് ലഭിക്കാൻ വേണ്ടി ബുക്ക് ചെയ്ത രോഗികളെ ടി ലിസ്റ്റ് പ്രകാരം വിളിക്കുന്ന മുറയ്ക്ക് ഡയാലിസിസ് ചെയ്ത നൽകിവരുന്നു. പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ (PHC), കുടുംബാരോഗ്യ കേന്ദ്രങ്ങൾ (FHC), സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ (CHC) എന്നിവിടങ്ങളിൽ ഡയാലിസിസ് യൂണിറ്റുകൾ ആരംഭിച്ച് പ്രവർത്തിപ്പിക്കുന്നത് നിലവിൽ പ്രായോഗികമല്ല.

(ബി) കിഡ്നി രോഗബാധിതരുടെ എണ്ണം വളരെ കൂടി വരുന്ന സാഹചര്യത്തിൽ ഡയാലിസിസ് സൗകര്യം കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, പ്രൈമറി ഹെൽത്ത് സെന്റർ എന്നിവിടങ്ങളിലും ഏർപ്പെടുത്തുന്ന കാര്യം അനുഭാവപൂർവം പരിഗണിക്കുമോ; വിശദമാക്കുമോ?

മറുപടി: സംസ്ഥാനത്ത് ആരോഗ്യവകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ നിലവിൽ 112 ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു. കൂടാതെ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, ഇടുക്കി, തൃശ്ശൂർ, മഞ്ചേരി, കോഴിക്കോട്, വയനാട്, കണ്ണൂർ എന്നീ മെഡിക്കൽ കോളേജുകളിലും ഡയാലിസിസ് സൗകര്യം ലഭ്യമാണ്. സ്റ്റാൻഡേർഡൈസേഷൻ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം താലൂക്ക് ആശുപത്രി മുതലുള്ള ഉയർന്ന തലത്തിലുള്ള ആശുപത്രികളിലാണ് ഡയാലിസിസ് യൂണിറ്റുകൾ വിഭാവനം ചെയ്തിട്ടുള്ളത്.

സ്ഥിരം ഡയാലിസിസ് ലഭിക്കാൻ വേണ്ടി ബുക്ക് ചെയ്ത രോഗികളെ ടി ലിസ്റ്റ് പ്രകാരം വിളിക്കുന്ന മുറയ്ക്ക് ഡയാലിസിസ് ചെയ്ത നൽകിവരുന്നു. പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ (PHC),

കുടുംബാരോഗ്യ കേന്ദ്രങ്ങൾ (FHC), സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ (CHC) എന്നിവിടങ്ങളിൽ ഡയാലിസിസ് യൂണിറ്റുകൾ ആരംഭിച്ച് പ്രവർത്തിപ്പിക്കുന്നത് നിലവിൽ പ്രായോഗികമല്ല.

സെക്ഷൻ ഓഫീസർ